## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3441 14/03/2017 ൽ മറുപടിക്ക്

### ഹരിത കേരളം മിഷൻ

| ചോദ്യം: | | മറുപടി : | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ.സി.കൃഷ്ണൻ | | ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി) | |
| (എ) | ഹരിത കേരളം മിഷന്റെ ഭാഗമായി ജൈവ, ഇലക്ട്രോണിക്, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ; | (എ) | ശുചിത്വം, മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ളതാണ് മിഷന്റെ പൊതു ലക്ഷ്യങ്ങൾ.<br>ഉറവിട മാലിന്യ സംസ്കരണത്തിൽ ഊന്നി നിന്നുകൊണ്ടുള്ള സുരക്ഷിത ജൈവമാലിന്യ സംസ്കരണം, ശാസ്ത്രീയമായ ഇ- മാലിന്യങ്ങളുടേയും പ്ലാസ്റ്റിക് മാലിന്യങ്ങളുടേയും നിർമ്മാർജ്ജനം എന്നിവ മിഷന്റെ ലക്ഷ്യങ്ങളാണ്.<br>സംസ്ഥാന പി.ഡബ്ല്യൂ.ഡി/പഞ്ചായത്ത് റോഡുകളുടെ നിർമ്മാണത്തിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്ന രീതി ഇപ്പോൾ തന്നെ നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| (ബി) | ഭക്ഷ്യധാന്യ കമ്മി പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച പരിപാടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ? | (ബി) | കാർഷിക മേഖലയിൽ കീടനാശിനികളുടെ ഉപയോഗം പരമാവധി കുറച്ച് ജൈവകൃഷിയും ഉത്തമ കൃഷിരീതികളും പ്രോത്സാഹിപ്പിച്ച് ജൈവ പച്ചക്കറി കൃഷിയ്ക്ക് ഊന്നൽ നൽകി ഇക്കാര്യത്തിൽ സ്വയം പര്യാപ്തത നേടുന്നതിനുവേണ്ട നടപടികൾ സർക്കാർ തലത്തിൽ കൈക്കൊണ്ടുവരുന്നു.<br>തരിശുനിലങ്ങൾ പരമാവധി കൃഷിയോഗ്യമാക്കി കൃഷി ഇറക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ